**18U649** (Pages: 2) Name…………………………

Reg. No………...…………

**SIXTH SEMESTER B.A. DEGREE EXAMINATION, APRIL 2021**

(CUCBCSS - UG)

(Regular/Supplementary/Improvement)

**CC15U MAL6 B11 - മലയാള കവിത പൂർവ്വഘട്ടം**

(Malayalam – Core Course)

(2015 Admission onwards)

Time: Three Hours Maximum: 80 Marks

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക (½ മാർക്ക് വീതം)**

1. രാമചരിതത്തിൽ എത്ര പാട്ടുകൾ ഉണ്ട്?
2. ദ്രമിഡസംഘാതാക്ഷരങ്ങൾ എന്നു വിളിക്കപ്പെടുന്ന അക്ഷരങ്ങൾ എത്ര?
3. തിരുനിഴൽമാല കണ്ടെത്തി പ്രസിദ്ധീകരിച്ചതാര്?
4. മുണ്ടക്കൽ സന്ദേശം ഒരു മുഴുത്ത ചിരി എന്ന് അഭിപ്രായപ്പെട്ടതാര്?
5. ഭാഷാരാമായണം ചമ്പു ആരുടെ കൃതിയാണ്?
6. കൃഷ്ണഗാഥയിൽ ഏറ്റവുമധികം പ്രയോഗിക്കുന്ന അലങ്കാരം ഏത്?
7. നമ്പ്യാരുടെ ആദ്യ തുള്ളൽ കൃതിയായി കരുതപ്പെടുന്നത്?
8. നളചരിതത്തിന് കാന്താരതാരകം എന്ന പേരിൽ വ്യാഖ്യാനം രചിച്ചതാര്?
9. വഞ്ചിപ്പാട്ട് വൃത്തം ഏത്?
10. ആദ്യത്തെ പച്ചമലയാളം കൃതിയായി അറിയപ്പെടുന്നത്.

**(10 × ½ =5 മാർക്ക്)**

**II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (2 മാർക്ക് വീതം)**

11. താളം പോലെ പുലരി വനിതയ്ക്ക് എന്ന് കവി വിശേഷിപ്പിക്കുന്നത് എന്തിനെ?
12. അയുതമാകിലാശ്ചര്യമെന്നതും - സൂചിതം വ്യക്തമാക്കുക.
13. വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ - എന്ന് കവി വിശേഷിപ്പിക്കുന്നത് എന്തിനെ? വിശദീകരിക്കുക.
14. പാട്ടിന് ലീലാതിലകത്തിൽ നൽകുന്ന നിർവചനം എന്ത്?
15. ഹര ഹര ശിവ ശിവ മിഥിലയിലിയലിന കുതുക വിശേഷം പറവാൻ വല്ലോൻ - എന്താണ് മിഥിലയിലെ വിശേഷം?

**(5 × 2 =10 മാർക്ക്)**

**III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരം എഴുതുക.**
**(ദീർഘഖണ്ഡിക) (ഓരോന്നിനും 5 മാർക്ക് വീതം)**

16. ദക്ഷാ ചാലച്ചതിയിൽ മദനോന്മാദിനീ ദക്ഷിണാശാം രക്ഷോരാജന്നിളയ സഹജാ ലക്ഷ്മണം രാക്ഷസീവാ - സന്ദർഭവും സൂചിതവും വ്യക്തമാക്കുക

17. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് ലക്ഷ്മണോപദേശം നൽകുന്ന കാഴ്ചപ്പാടുകൾ വിശദീകരിക്കുക.
18. രാമായണം ചമ്പുവിനെ മുൻനിർത്തി മധ്യകാല ചമ്പുക്കളുടെ സവിശേഷതകൾ വിശദമാക്കുക.
19. ഉണ്ണായി വാര്യർ അവതരിപ്പിക്കുന്ന ഋതുപർണ രാജാവിന്റെ വാങ്മയ ചിത്രം തയ്യാറാക്കുക.
20. വേലികൾ തന്നെ വിളവു തിന്നുന്ന കാലത്തെ കുഞ്ചൻനമ്പ്യാർ അടയാളപ്പെടുത്തുന്നത് എങ്ങനെ?
21. വസുദേവരും നന്ദഗോപരും കണ്ടുമുട്ടുന്ന സന്ദർഭത്തിന്റെ ചമൽക്കാരഭംഗി വിശദീകരിക്കുക.
22. ദിവ്യരത്നമയം ചൊല്ലപ്പെട്ടതെല്ലാം പാപദൃക്കുകൾക്കേ കല്ലും മരവുമാവൂ- വിശദീകരിക്കുക

**(5 × 5 = 25 മാർക്ക്)**

**IV. ഏതെങ്കിലും നാല് ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. (ഓരോന്നിനും 10 മാർക്ക് വീതം)**

23. പാട്ടിന്റെ രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ രാമചരിതത്തെ മുൻനിർത്തി ചർച്ച ചെയ്യുക.
24. നളചരിതം നാലാം ദിവസത്തെ മുൻനിർത്തി ഉണ്ണായി വാര്യരുടെ രചനാവൈഭവം വിശദീകരിക്കുക
25. ജ്ഞാനപ്പാന പങ്കു വെക്കുന്ന ഭക്തിയുടെ സവിശേഷതകൾ വിശദീകരിക്കുക.
26. ഒരു പോലീസ് ഇൻസ്പെക്ടറുടെ വധം എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
27. സ്യമന്തകം തുള്ളലിൽ, കുഞ്ചൻ നമ്പ്യാർ ഹാസ്യത്തെ സാമൂഹ്യ വിമർശനത്തിനുള്ള ഉപാധിയാക്കുന്നതെങ്ങനെ എന്നു വിശദീകരിക്കുക.
28. ഉണ്ണുനീലീ സന്ദേശത്തിന്റെ രചനാസൗകുമാര്യം ഉദാഹരണ സഹിതം വിശദീകരിക്കുക.

**(4 × 10 = 40 മാർക്ക്)**

*******